പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1464 **16-10-2026-ൽ മറുപടിയ്ക്ക്**

രാസവളങ്ങളുടെ വില വർദ്ധനവ്

ചോദ്യം ഉന്നയിച്ച അംഗങ്ങൾ **മറുപടി നൽകിയ മന്ത്രി**

ശ്രീ. യു. ആർ. പ്രദീപ് ശ്രീ. ടി. സിദ്ദീഖ്
(കൃഷി വകുപ്പ് മന്ത്രി)

(എ) രാസവളങ്ങളുടെ വില ക്രമാതീതമായി വർദ്ധിക്കുന്നത് കാർഷിക മേഖലയിലുണ്ടാക്കുന്ന പ്രതിസന്ധി വിലയിരുത്തിയിട്ടുണ്ടോ;

മറുപടി:

വിലയിരുത്തിയിട്ടുണ്ട്. കേന്ദ്രസർക്കാർ രാസവളങ്ങളുടെ വില വർദ്ധിപ്പിച്ചതു മൂലം സംസ്ഥാനത്തെ കൃഷിക്കാർ ബുദ്ധിമുട്ടു നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. രാസവളങ്ങളുടെ വില നിയന്ത്രിക്കുന്നത് കേന്ദ്ര സർക്കാർ ആണ്. യൂറിയയുടെ വില പൂർണമായും നിശ്ചയിക്കുന്നത് കേന്ദ്രസർക്കാരാണ്. മറ്റു രാസവളങ്ങളുടെ വില നിശ്ചയിക്കുന്നത് കേന്ദ്രസർക്കാരിന്റെ മേൽനോട്ടത്തിൽ അതാത് വളം വിതരണ കമ്പനികളാണ്. കമ്പനികൾ അസംസ്കൃത വസ്തുക്കളുടെ വില, കയറ്റിറക്ക് കൂലി, ചരക്ക് കൂലി എന്നിവയുടെ അടിസ്ഥാനത്തിൽ വില നിശ്ചയിക്കുന്നു. കഴിഞ്ഞ വർഷത്തെ വിലയും നിലവിലെ വിലയും താരതമ്യം ചെയ്യുമ്പോൾ യൂറിയ, ഡി എ പി, രാജ്ഫോസ്, സിംഗിൾ സൂപ്പർ ഫോസ്ഫേറ്റ്, അമോണിയം സൾഫേറ്റ്, 10:26:26 (എൻ പി കെ) എന്നിവയുടെ വില കൂടിയിട്ടില്ല. എന്നാൽ എം ഒ പി, 16:16:16 (എൻ പി കെ), ഫാക്ടംഫോസ് എന്നിവയുടെ വില വർദ്ധിച്ചിട്ടുണ്ട്.

(ബി) എങ്കിൽ കുറഞ്ഞ വിലയ്ക്ക് കർഷകർക്ക് വളം ലഭ്യമാക്കാൻ നടപടികൾ സ്വീകരിക്കുമോ; ഇതിനായി പുതിയ സബ്സിഡി പദ്ധതികൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കുമോ;

മറുപടി: രാസവളങ്ങളുടെ വില നിയന്ത്രിക്കുന്നത് കേന്ദ്ര സർക്കാർ ആണ്. കൃഷി വകുപ്പ് നടപ്പിലാക്കി വരുന്ന നെൽകൃഷി വികസന പദ്ധതികൾ, പച്ചക്കറി വികസന പദ്ധതി, കേരഗ്രാമം എന്നിങ്ങനെയുള്ള വിവിധ പദ്ധതികളിലും ജനകീയാസൂത്രണ പദ്ധതി പ്രകാരം വിവിധ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുഖേന നടപ്പിലാക്കിവരുന്ന വിവിധ കാർഷിക വികസന പദ്ധതികളിലും രാസവളം, ജൈവ വളം എന്നിവയ്ക്ക് സബ്സിഡി നൽകി വരുന്നു.

(സി) 'അഗ്രിസാറ്റ് ' വഴി രാസവളത്തിന് ഓൺലൈനായി അപേക്ഷ സമർപ്പിക്കണമെന്ന നിർദ്ദേശം പിൻവലിക്കാൻ ഇടപെടുമോ; വ്യക്തമാക്കുമോ;

മറുപടി: കേന്ദ്ര സർക്കാരിന്റെ രാസവളം വകുപ്പും (Department of Fertilizers) കൃഷി-കർഷകക്ഷേമ വകുപ്പും (Department of Agriculture & Farmers Welfare) ചേർന്ന്, വളം വിതരണ സമ്പ്രദായം കൂടുതൽ സുതാര്യവും സുസംഘടിതവും കർഷകകേന്ദ്രീകൃതവും ആവശ്യാനുസൃതവും ആക്കുക എന്ന ലക്ഷ്യത്തോടെ "ഫ്രെയിംവർക്ക് ഫോർ ഫെർട്ടിലൈസർ സെയിൽ (FFS)" എന്ന പുതിയൊരു ഡിജിറ്റൽ

സംവിധാനം വികസിപ്പിച്ചെടുത്തിട്ടുണ്ട്. അഗ്രി സ്റ്റാക്ക് മുഖേന ബുക്ക് ചെയ്യാത്ത കർഷകർക്ക് FFS ആപ്പ് മുഖേന രജിസ്ട്രേഷൻ നടത്തി വളം ബുക്ക് ചെയ്യാനുള്ള സൗകര്യം ലഭ്യമാണ്.

<u>എഫ്.എഫ്.എസിന്റെ (FFS) നേട്ടങ്ങൾ</u>

- യൂറിയ പോലുള്ള വളങ്ങളുടെ ദുരുപയോഗം തടയുന്നു.
- സബ്സിഡി വളങ്ങളുടെ വിതരണം ലളിതമാക്കാനും കാര്യക്ഷമമാക്കാനും സുതാര്യതയും ഉത്തരവാദിത്തവും ഉറപ്പാക്കാനുമുള്ള മികച്ച ഡിജിറ്റൽ പ്ലാറ്റ്ഫോം.
- കർഷകർക്ക് മുൻകൂട്ടി വളം ബുക്ക് ചെയ്യാം.
- റീട്ടെയിൽ ഔട്ട്ലെറ്റുകളിലെ പി.ഒ.എസ്. (POS) സ്റ്റോക്ക് യഥാർത്ഥ ഭൗതിക സ്റ്റോക്കുമായി (physical stock) പൊരുത്തപ്പെടുന്നു.
- ആലപ്പുഴ, പാലക്കാട് ജില്ലകളിൽ പൈലറ്റ് അടിസ്ഥാനത്തിലാണ് കേരളത്തിൽ "ഫ്രെയിംവർക്ക് ഫോർ ഫെർട്ടിലൈസർ സെയിൽ (FFS)" ആരംഭിച്ചത്. 67% ൽ കൂടുതൽ ഫാർമർ ഐഡി ഉള്ള കർഷകർ വളം വാങ്ങിയതിന്റെ അടിസ്ഥാനത്തിൽ കേന്ദ്ര സർക്കാരിൽ നിന്നും SASCI (Special Assistance to States for Capital Investments) പ്രകാരം സംസ്ഥാന സർക്കാർ 150 കോടി ലഭിക്കാൻ അർഹരായിട്ടുണ്ട്.

<u>എഫ്.എഫ്.എസിലെ (FFS) വെല്ലുവിളികൾ</u>

- അഗ്രിസ്റ്റാക്കിൽ (Agristack) രജിസ്റ്റർ ചെയ്യാത്ത കർഷകർക്ക് എഫ്.എഫ്.എസ്. ആപ്പിൽ ബുക്കിംഗ് നടത്തുന്നതിന് ദൈർഘ്യമേറിയ പ്രക്രിയ പിന്തുടരേണ്ടതുണ്ട്.
- കർഷകരും വളം ചില്ലറ വില്പനക്കാരും ഏതാണ്ട് ദിവസേനയെന്നോണം സാങ്കേതിക പ്രശ്നങ്ങൾ നേരിടുന്നു.
- KAU, ICAR ഉൾപ്പെടെയുള്ള സർക്കാർ ഫാമുകളെയും തോട്ടങ്ങളെയും (Plantations) എഫ്.എഫ്.എസിൽ ഉൾപ്പെടുത്തിയിട്ടില്ല.
- ആലപ്പുഴ ജില്ലയിൽ റാണി ചിത്തിര കായൽ പാടശേഖരങ്ങളിൽ ജില്ലാ കളക്ടർ അപേക്ഷകനായതു കൊണ്ട് "ഫ്രെയിംവർക്ക് ഫോർ ഫെർട്ടിലൈസർ സെയിൽ (FFS)" ലൂടെ വളം ലഭിക്കുവാൻ ബുദ്ധിമുട്ട് നേരിടുന്നു.

  ഈ നേട്ടങ്ങളും കോട്ടങ്ങളും പരിഗണിച്ച് "ഫ്രെയിംവർക്ക് ഫോർ ഫെർട്ടിലൈസർ സെയിൽ (FFS)" സംസ്ഥാനമൊട്ടാകെ നടപ്പിലാക്കുന്നത് പരിശോധിച്ച് വരുന്നു.

(ഡി) ഗുണമേന്മയുള്ള വിത്തുകൾ ലഭ്യമാക്കാനും വിത്ത് സബ്സിഡി വർദ്ധിപ്പിക്കാനും നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

<u>മറുപടി:</u> കൃഷി വകുപ്പിന് കീഴിലുള്ള കേരള സ്റ്റേറ്റ് സീഡ് ഡെവലപ്മെന്റ് അതോറിറ്റിയാണ് കർഷകർക്ക് ആവശ്യമായ ഗുണമേന്മയുള്ള വിത്ത് ഉൽപ്പാദിപ്പിക്കുന്നത്. ഇതിന് ആവശ്യമായ ബ്രീഡർ വിത്ത് കേരള കാർഷിക സർവകലാശാലയിൽ നിന്നും ലഭ്യമാക്കുകയും ആയത് സർക്കാർ ഉടമസ്ഥതയിലുള്ള ഫാമുകളിൽ നിന്നും താഴെ പറയുന്ന രീതിയിൽ ഫൗണ്ടേഷൻ വിത്ത് ഉല്പാദിപ്പിക്കുന്നു.

i) കാർഷിക സർവകലാശാല നിർദ്ദേശിക്കുന്ന വിളപരിപാലന ശുപാർശകൾ (Package of Practices – POP) പ്രകാരമുള്ള എല്ലാ കാർഷിക പ്രവർത്തനങ്ങളും പാലിക്കുകയും നിർണായക

വളർച്ചാഘട്ടങ്ങളിലും കൃത്യമായ ഇടവേളകളിലും കൃഷിയിട പരിശോധന നടത്തുകയും കീട-രോഗബാധകൾ സമയബന്ധിതമായി നിയന്ത്രിക്കുകയും ചെയ്യുന്നു.

ii) വിത്തുകൾ ഉചിതമായ പാകതയിലെത്തുമ്പോൾ വിളവെടുത്ത്, ശരിയായി വൃത്തിയാക്കി, തരം തിരിച്ച് ആവശ്യമായ ഈർപ്പനിലയിലേക്ക് ഉണക്കുന്നു.

iii) വിത്തുകളുടെ മുളയ്ക്കൽശേഷി, ഭൗതികശുദ്ധി, ഈർപ്പത്തിന്റെ അളവ് എന്നിവ പരിശോധിച്ച് ഗുണനിലവാരം ഉറപ്പാക്കുന്നു.

iv) വിത്തുകൾ ശരിയായ രീതിയിൽ പാക്ക് ചെയ്യുവാനും വിളയുടെ പേര്, ഇനം, വിളവെടുപ്പ് തീയതി, ഫാമിന്റെ പേര്, മറ്റ് പ്രസക്തമായ വിവരങ്ങൾ എന്നിവ ലേബലിൽ വ്യക്തമായി രേഖപ്പെടുത്തുവാനും ഫാമുകൾക്കു നിർദ്ദേശം നൽകിയിട്ടുണ്ട്.

സംസ്ഥാനത്ത് ഗുണമേന്മയുള്ള സർട്ടിഫൈഡ് നെൽവിത്തിന്റെ ലഭ്യത ഉറപ്പുവരുത്തുന്നതിനായി നെൽകൃഷി വികസന പദ്ധതിയുടെ ഭാഗമായി കേരള സംസ്ഥാന വിത്ത് വികസന അതോറിറ്റി (KSSDA) മുഖേന രജിസ്റ്റേർഡ് സീഡ് ഗ്രോവേഴ്സ് പ്രോഗ്രാം (RSGP) നടപ്പിലാക്കി വരുന്നു. ടി പദ്ധതി പ്രകാരം ഗുണമേന്മയുള്ള നെൽവിത്ത് ഉൽപ്പാദിപ്പിച്ച് കർഷകർക്ക് സൗജന്യമായി കൃഷിഭവൻ മുഖാന്തിരം നൽകി വരുന്നു. 2025-26 സാമ്പത്തിക വർഷത്തിൽ 852.2 ടൺ നെൽ വിത്തുകൾ സംസ്ഥാനത്തെ 33 വിത്ത് ഉൽപാദന കേന്ദ്രങ്ങളിൽ നിന്നും ഉത്പാദിപ്പിച്ചിട്ടുണ്ട്. ഇവ കേരള സ്റ്റേറ്റ് സീഡ് ഡെവലപ്മെന്റ് അതോറിറ്റി വഴി സംഭരിക്കുകയും കർഷകർക്ക് വിതരണം നടത്തി വരികയും ചെയ്യുന്നു. 2026-27 വർഷത്തിൽ 115 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. നെൽകൃഷിക്ക് അനുയോജ്യമായ പ്രദേശങ്ങളിലെ കർഷകർക്ക് സർട്ടിഫൈഡ് വിത്ത് ഉൽപ്പാദിപ്പിക്കുന്നതിന് പരിശീലനം നൽകി, ഫാമുകളിൽ ഉൽപ്പാദിപ്പിച്ച ഫൗണ്ടേഷൻ വിത്ത് അവർക്ക് സൗജന്യമായി നൽകി തൽവിത്ത് ഉൽപ്പാദിപ്പിക്കുന്നു. സീഡ് ആക്ട് പ്രകാരമുള്ള മാനദണ്ഡങ്ങൾ പാലിച്ചാണ് വിത്ത് ഉൽപ്പാദനം നടത്തുന്നതെന്ന് കൃഷി ഉദ്യോഗസ്ഥർ മോണിറ്ററിങ് നടത്തി ഉറപ്പാക്കുകയും ഉൽപ്പാദിപ്പിച്ച വിത്തിന്റെ ഗുണമേന്മ സർക്കാർ ലാബുകളിൽ പരിശോധിച്ച ശേഷം ഗുണനിലവാരമുള്ള വിത്താണ് എന്ന് ബോധ്യപ്പെട്ടാൽ സ്റ്റേറ്റ് സീഡ് സർട്ടിഫിക്കേഷൻ ഏജൻസിയായ അഡീഷണൽ ഡയറക്ടർ (CP) സർട്ടിഫൈഡ് വിത്തിന് ടാഗ് നൽകുകയും ചെയ്യുന്നു. ഇത്തരത്തിൽ ടാഗ് ലഭിച്ച് ഗുണമേന്മ ഉറപ്പുവരുത്തിയ സർട്ടിഫൈഡ് വിത്തുകളാണ് കർഷകർക്ക് സൗജന്യമായി നൽകി വരുന്നത്. ടി വിത്തുകൾ കൃഷിയിറക്കുന്നതിന് മുൻപ് തന്നെ ഇൻഡന്റ് അനുസരിച്ച് KSSDA കൃഷിഭവനുകളിൽ എത്തിച്ച് കർഷകർക്ക് നൽകുകയാണ് ചെയ്യുന്നത്.

ഇതിനുപരിയായി ആവശ്യമായി വരുന്ന വിത്ത് മറ്റ് സ്രോതസ്സുകളായ കാർഷിക സർവകലാശാല, സർക്കാർ ഫാമുകൾ, നാഷണൽ സീഡ് കോർപ്പറേഷൻ, കർണാടക സ്റ്റേറ്റ് സീഡ് കോർപ്പറേഷൻ എന്നിവിടങ്ങളിൽ നിന്നും ലഭ്യമാക്കുന്നതാണ്.

സംസ്ഥാനത്ത് പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുന്നതിനും സ്വയംപര്യാപ്തത കൈവരിക്കുന്നതിനുമായി കൃഷി വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്ന പദ്ധതിയാണ് സമഗ്ര പച്ചക്കറി വികസന പദ്ധതി. ടി പച്ചക്കറി വിത്തുകളും തൈകളും കൃഷി വകുപ്പ് ഫാമുകൾ, വി.എഫ്.പി.സി.കെ., കേരള കാർഷിക സർവ്വകലാശാല തുടങ്ങിയ സർക്കാർ സ്ഥാപനങ്ങളിൽ നിന്നും, ബ്ലോക്ക് തല നഴ്സറികൾ, അഗ്രോ സർവ്വീസ് സെന്റർ, കൃഷിക്കൂട്ടങ്ങൾ, കാർഷിക കർമ്മസേന, ഇക്കോഷോപ്പ്, എ ഗ്രേഡ് ക്ലസ്റ്റർ, ബി.എൽ.എഫ്.ഒ. നഴ്സറി തുടങ്ങിയ ഏജൻസികൾ മുഖേനയാണ് ഗുണമേന്മയുള്ള പച്ചക്കറി വിത്ത്, തൈകൾ എന്നിവ വിതരണം നടത്തി വരുന്നത്. കൃഷിവകുപ്പിന്റെ കീഴിലുള്ള 64 ഫാമുകളിൽ നിന്നായി നെല്ല്, പച്ചക്കറി, പയറുവർഗ്ഗങ്ങൾ എന്നിവയുടെ ഗുണമേന്മയുള്ള വിത്തുകൾ ഉത്പാദിപ്പിച്ച് കർഷകർക്ക് വിതരണം നടത്തി വരുന്നു. ഇത് കൂടാതെ കഴിഞ്ഞ

സാമ്പത്തിക വർഷം 11.83 ടൺ അത്യുല്പാദന ശേഷിയുള്ള പച്ചക്കറി വിത്തുകളും ഫാമുകളിൽ നിന്നും ഉല്പാദിപ്പിച്ച് കർഷകർക്ക് നേരിട്ടും പച്ചക്കറി വികസന പദ്ധതിയിലൂടെ കൃഷിഭവൻ വഴിയും വിതരണം ചെയ്തിട്ടുണ്ട്.

കൃഷി വകുപ്പും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും നടപ്പിലാക്കി വരുന്ന വിവിധ പദ്ധതികളിൽ ഉൾപ്പെടുത്തി എല്ലാ കർഷകർക്കും 100% സബ്സിഡി നിരക്കിലാണ് കൃഷിയ്ക്കാവശ്യമായ വിത്ത് നൽകി വരുന്നത്.

സെക്ഷൻ ഓഫീസർ